**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 420** **11-06-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിൽ നിന്നും 57,000 കോടിയോളം രൂപ സംസ്ഥാനത്തിന് ലഭിക്കാനുണ്ട് എന്നത് വസ്തുതയാണോ; | (എ) | GST നഷ്ടപരിഹാരം നിർത്തലാക്കിയത്, റവന്യൂ കമ്മി ഗ്രാന്റ് 2023-24 ന് ശേഷം ലഭ്യമാകാതിരിക്കുന്നത്, സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL മുതലായവ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടത്തിൽ ഉൾപ്പെടുത്തുന്നത്, 2017 ആഗസ്റ്റിന് ശേഷം പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണയിക്കുന്നതിൽ ഉൾപ്പെടുത്തിയത്, ഡിവിസിബിൾ പൂൾ വഴി സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് നിലവിലെ ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറവുണ്ടായത് എന്നിവ മൂലം 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമാകേണ്ട തുകയിൽ ഏകദേശം 57,400 കോടിയുടെ കുറവുണ്ടായതായാണ് അനുമാനിക്കുന്നത്. |
| (ബി) | പ്രസ്തുത തുക നേടിയെടുക്കാൻ കേന്ദ്ര സർക്കാരിന് നിവേദനം നല്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ ആകെ കടമെടുപ്പിൽ കേന്ദ്രസർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ കുറവ് വരുത്തിവരുന്നുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ |

| | | | |
|---|---|---|---|
| | | | കടമെടുപ്പ് നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 22.07.2022-ലെ 134/2022/ എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രി 19-01-2023 ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത തുക നേടിയെടുക്കാൻ സർക്കാർ സുപ്രീം കോടതിയിൽ കേസ് നല്കിയിരുന്നോ; എങ്കിൽ കേസിന്റെ വിശദാംശം നൽകാമോ? | (സി) | സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ